പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1861 | 11.02.2013 ൽ മറുപടിയ്ക്ക് |
|---|---|

**ആർ.ഐ.ഡി.എഫ്. പദ്ധതിയിലെ അംഗനവാടി നിർമ്മാണവും നവീകരണവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ നിയോജകമണ്ഡലത്തിലേയും എത്ര അംഗനവാടികൾ വീതമാണ് നവീകരിക്കാനോ പുതുതായി നിർമ്മിക്കാനോ തെരഞ്ഞെടുക്കുന്നത് എന്നു പറയുമോ; ചേർത്തലമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലും ചേർത്തല മുനിസിപ്പാലിറ്റിയിലുമയി എത്ര അംഗനവാടികൾ ഇതിനായി തെരഞ്ഞെടുത്തുയെന്നും അവ ഏതെല്ലാമാണെന്നും പറയുമോ;<br>(ബി) ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി അംഗനവാടികൾ പുതുതായി നിർമ്മിക്കുന്നതിനുവേണ്ട നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കുമോ; | (എ)&(ബി) സാമൂഹ്യ നീതി വകുപ്പിൽ നബാർഡ് - ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിക്കുക കാലപഴക്കം കൊണ്ട് പൊളിഞ്ഞു വീഴാറായവ പുനർനിർമ്മിക്കുക എന്നിങ്ങനെ 700അംഗൻവാടികളുടെനിർമ്മാണപ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട എസ്.എൽ.ഇ.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br><br>ഒരോ അംഗൻവാടിക്കും ഉള്ള സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ളാനും, എസ്റ്റിമേറ്റും (2012-ലെ പൊതുമരാമത്ത് വകുപ്പ് SOR പ്രകാരം), പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള റിപ്പോർട്ട് സഹിതം പ്രോഗ്രാം ഓഫീസർമാർമാരുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ ബന്ധപ്പെട്ട എം.എൽ.എ മുഖേനയും മറ്റും ശുപാർശ ചെയ്യപ്പെട്ട ഏതൊക്കെ അംഗൻവാടികളെയാണ് തെരഞ്ഞെടുക്കപ്പെടാവുന്നതെന്ന വിവരം ലഭ്യമാകുകയുള്ളൂ. |
| (സി) സ്വന്തമായി സ്ഥലം വാങ്ങാൻ സാമ്പത്തിക സ്ഥിതിയില്ലാത്തതിനാലും സൗജന്യമായി സ്ഥലം വിട്ടുകിട്ടാത്തതിനാലും അംഗനവാടികൾക്ക് കെട്ടിടത്തിന് 5 സെന്റ് സ്ഥലമില്ലാത്ത ഒട്ടേറെ കേസുകളുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം 5 സെന്റിൽ താഴെ ഭൂമിയുള്ള അംഗനവാടികൾക്കുകൂടി കെട്ടിടം നിർമ്മിച്ചുകിട്ടുവാൻ സർക്കാർ ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കുമോ ? | (സി) ഉണ്ട്. ഇത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ പരിശോധിച്ച് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ